# കാൻപൂരിൽ രണ്ടുവട്ടം കീറിയെറിഞ്ഞ കറൻസി

നോട്ട് പിൻവലിക്കൽ തീരുമാനം എടുക്കാൻ റിസർവ് ബാങ്ക് ഡയറക്ടർമാരുടെ സെൻട്രൽ ബോർഡ് യോഗം ചേർന്നത് ഉത്തർപ്രദേശിലെ കാൻപൂരിലാണ്. തെരഞ്ഞെടുപ്പിനു മുന്നോടിയായി സാമ്പത്തിക നയങ്ങൾ തീരുമാനിക്കാൻ ആർ.എസ്.എസ് യോഗം വിളിച്ചതും അവിടെത്തന്നെ. രണ്ടു യോഗങ്ങൾക്കുമുണ്ടായിരുന്ന ഒരേ അജൻഡയെക്കുറിച്ച്

■ അനൂപ് പരമേശ്വരൻ



നരേന്ദ്രമോദി / ഫോട്ടോ: സുബ്ബവ് ശുക്ല/ പി.ടി.ഐ

ലോകബാങ്കിന്റെ ചീഫ് ഇക്കണോമിസ്റ്റും കേന്ദ്രസർക്കാരിന്റെ മുൻ മുഖ്യസാമ്പത്തിക ഉപദേഷ്ടാവുമായ കൗശിക് ബസുവിന്റെ പ്രശസ്തമായ പുസ്തകമുണ്ട്-ആൻ ഇക്കണോമിസ്റ്റ് ഇൻ ദി റിയൽ വേൾഡ്. അതിൽ പറയുന്നു:

India's tradition of petty corruption helped India avoid the worst banking crisis that has crippled most other large economies in the last few years.

"കഴിഞ്ഞ കുറേ വർഷങ്ങളിൽ വലിയ സാമ്പത്തിക ശക്തികളെ മുഴുവൻ പിടിച്ചുകുലുക്കിയ വിനാശകരമായ ബാങ്കിങ് പ്രതിസന്ധിക്കിടെ ഇന്ത്യ അടിതെറ്റാതെ നിന്നതിന്റെ കാരണം ചെറിയ അഴിമതികൾ നടത്തുന്ന ഇന്ത്യയുടെ പാരമ്പര്യമാണ്." എല്ലാ സദാചാരവാദികളും നെറ്റിചുളിച്ചു പരിഹസിക്കാൻ ഇടയുള്ള ഈ പ്രസ്താവനയ്ക്കുശേഷം മറ്റൊരു വരികൂടി കൗശിക് ബസു കുറിച്ചു: Economics is not a moral subject - സാമ്പത്തിക ശാസ്ത്രം ഒരു സദാചാര വിഷയമല്ല.

ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ പിൻവലിച്ചുകൊണ്ടു പ്രധാനമന്ത്രി നരേന്ദ്രമോദി നൽകിയ സന്ദേശം സാമ്പത്തിക ശാസ്ത്രം സദാചാര വിഷയമാണെന്നാണ്.

കള്ളപ്പണമെന്നു വിശേഷിപ്പിക്കപ്പെടുന്നവയുടെ 'കറുപ്പി'ൽ കൗശിക് ബസു പ്രകടിപ്പിക്കുന്ന സംശയത്തിലേക്കു പോകും മുൻപ് ഉത്തരം ലഭിക്കേണ്ട ചിലതുണ്ട്: ആരാണ് നോട്ട് പിൻവലിക്കൽ തീരുമാനം എടുത്തത്? ലക്ഷ്യമെന്താണ്? എങ്ങനെയാണ് നടപ്പാക്കിയത്? പുറത്തുവന്ന ഗൂഢാലോചനാ സിദ്ധാന്തങ്ങളിലൊന്നും മറനീക്കാൻ കഴിയാത്ത കാര്യമായിരുന്നു അത്. നാലുമാസത്തിനിടെ റിസർവ്വ് ബാങ്കിലും ധനമന്ത്രാലയത്തിലും പ്രധാനമന്ത്രിയുടെ ഓഫീസിലും നടന്ന നീക്കങ്ങൾ മാത്രമല്ല, പുറത്തുള്ള ചില രാഷ്ട്രീയ ചരടുവലികൾ കൂടിയാണ് കെട്ടഴിക്കുമ്പോൾ തെളിഞ്ഞുവരുന്നത്.

1 റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) തീരുമാനം എടുത്തത് ഒക്ടോബർ 20-ന് ഉത്തർപ്രദേശിലെ കാൻപൂരിൽ.

2 ഉർജിത് പട്ടേൽ ഗവർണറായ ശേഷം ചേർന്ന ആർ.ബി.ഐയുടെ ആദ്യ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗത്തിൽ പരിഗണിച്ച ഏക വിഷയം.

3 നോട്ട് പിൻവലിക്കൽ തീരുമാനത്തിനായി വാദിച്ചത് ഗുജറാത്ത് മുൻ ചീഫ് സെക്രട്ടറി കൂടിയായ സുധീർ മങ്കാദ്.

4 തീരുമാനം എടുത്ത റിസർവ്വ് ബാങ്ക് യോഗത്തിൽ ഡയറക്ടർ ബോർഡ് അംഗമായ മഹീന്ദ്രയുടെ ചെയർമാനും ഗോദ്റേജ് കൺസ്യൂമർ പ്രൊഡക്ട്സിന്റെ സ്വതന്ത്ര ഡയറക്ടറുമായ ഭരത് എൻ. ദോഷി പങ്കെടുത്തു.

5 ബിൽഗേറ്റ്സ് ഫൗണ്ടേഷൻ ഡയറക്ടർ നചികേത് മോർ, ടി.സി.എസ് മാനേജിങ് ഡയറക്ടർ എൻ. ചന്ദ്രശേഖർ എന്നിവർ വിട്ടുനിന്നു.

6 ദിവസവും നടപടികൾ വിശദീകരിച്ചു വാർത്താസമ്മേളനം നടത്തുന്ന ധനസെക്രട്ടറി ശക്തികാന്ത ദാസും കാൻപൂർ യോഗത്തിന് ഉണ്ടായിരുന്നില്ല.

7 ഉർജിത് പട്ടേൽ ആദ്യാവസാനം നിശ്ശബ്ദത പാലിച്ചു; ഫിനാൻഷ്യൽ സർവീസസ് സെക്രട്ടറി കൂടിയായ അഞ്ജലി ചിബ് ദുഗ്ഗാൾ ആശങ്കകൾ തുറന്നുപറഞ്ഞു

8 ഡപ്യൂട്ടി ഗവർണർമാരായ എസ്.എസ്. മുന്ദ്ര, എൻ.എസ്. വിശ്വനാഥൻ, ആർ. ഗാന്ധി എന്നിവരും എതിർപ്പ് അറിയിച്ചില്ല.

പുറത്തുവന്ന വാർത്തകളിൽ നചികേത് മോറും എൻ. ചന്ദ്രശേഖരനും കൂടി പങ്കെടുത്ത യോഗത്തിലാണ് തീരുമാനമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ, ആർ.ബി.ഐയുടെ രേഖകൾ അനുസരിച്ചു തീരുമാനം എടുത്ത യോഗത്തിൽ ഇരുവരും ഉണ്ടായിരുന്നില്ല. അവരും ഇത്തരമൊരു നീക്കം അറിഞ്ഞിരുന്നു എന്നു വിശ്വസിക്കാൻ കാരണമുണ്ട്. ഓഗസ്റ്റ് 11-ന് മുംബൈയിൽ ചേർന്ന യോഗത്തിൽ ഇതേ നിർദ്ദേശം വന്നെങ്കിലും അംഗീകരിക്കപ്പെട്ടിരുന്നില്ല. അതിൽ ഇവരെല്ലാം പങ്കെടുത്തിരുന്നു. രഘുറാം രാജനായിരുന്നു അപ്പോൾ ആർ.ബി.ഐയുടെ ഗവർണർ. അവിടെ ഡപ്യൂട്ടി ഗവർണർ എന്ന നിലയിൽ പങ്കെടുത്ത ഉർജിത് പട്ടേൽ കാൻപൂർ യോഗത്തിൽ ഗവർണർ പദവിയോടെ അധ്യക്ഷനായി. രഘുറാം രാജൻ മാറി എന്നതൊഴിച്ചാൽ മറ്റൊരു പുതുമയും ഇല്ലാത്ത ആ യോഗമാണ് രാജ്യത്തിന്റെ ധനസ്ഥിതി മാറ്റിയെഴുതിയ തീരുമാനത്തിന് അനുമതി നൽകിയത്. അങ്ങനെയെങ്കിൽ, ആരൊക്കെ പിന്തുണച്ചു? ആരൊക്കെ എതിർത്തു?

തീരുമാനം പ്രഖ്യാപിച്ച ശേഷം ആദ്യത്തെ മൂന്നാഴ്ചയ്ക്കിടെ രണ്ടു തവണ മാത്രമാണ് ഉർജിത് പട്ടേൽ പ്രതികരിച്ചത്. പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ പിന്തുണച്ച് അന്നു തന്നെ പറഞ്ഞ ഏതാനും വരികളായിരുന്നു ആദ്യത്തേത്. ഉർജിത് പട്ടേലിനെ കാണാനില്ലെന്നു മുഖ്യധാരാ മാധ്യമങ്ങളെല്ലാം വിമർശനം കൊണ്ടുമൂടിയപ്പോൾ നവംബർ 27-ന് ആയിരുന്നു രണ്ടാമത്തെ പ്രതികരണം. ധനമന്ത്രി അരുൺ ജെയ്റ്റ്ലി ആദ്യമായി പ്രതികരിച്ചതു രണ്ടു ദിവസത്തിനുശേഷം. രണ്ടേ രണ്ടു പേർ മാത്രമാണ് ആദ്യഘട്ടം മുതൽ പ്രധാനമന്ത്രിയുടെ നിർദ്ദേശത്തെ പൂർണമായും പിന്തുണച്ചു രംഗത്തു വന്നത്. ഒന്ന്, ബി.ജെ.പി അധ്യക്ഷൻ അമിത് ഷാ. രണ്ടാമത്തേതു ധനസെക്രട്ടറി ശക്തികാന്ത ദാസ്. ശത്രുഘ്നൻ സിൻഹയെപ്പോലുള്ള ബി.ജെ.പി നേതാക്കൾ പരസ്യമായും മറ്റു ചിലർ പാർട്ടി വേദികളിലും വിയോജിപ്പു തുറന്നടിച്ചു. കാബിനറ്റിലെ മറ്റു മന്ത്രിമാർ ലോക്സഭയിലോ രാജ്യസഭയിലോ അല്ലാതെ പരസ്യപ്രസ്താവനയ്ക്കു തയ്യാറായില്ല. ഒന്നോ രണ്ടോ തവണ വെങ്കയ്യ നായിഡു മാത്രമാണു പ്രതികരിച്ചത്. വ്യവസായ രംഗത്തു പ്രധാനമന്ത്രിയെ പിന്തുണയ്ക്കുന്ന ഗൗതം അദാനി ആറാം ദിവസമാണ് സ്വാഗതം ചെയ്തൊരു പ്രസ്താവന ഇറക്കിയത്. മുകേഷ് അംബാനി ആശങ്കകൾ മറച്ചുവയ്ക്കാതെയാണ് പിന്തുണച്ചത്. രത്തൻ ടാറ്റ അതിശക്തമായ ഭാഷയിൽ സർക്കാരിനെ

വിമർശിച്ചു.

നവംബർ എട്ടിനു പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച കറൻസി നിരോധന തീരുമാനം നേരത്തെ ചോർന്നതിന്റെ തെളിവുകൾ ഇതിനിടെ പല ഘട്ടങ്ങളിലായി പുറത്തുവന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒക്ടോബർ 27-ന് ദൈനിക് ജാഗരൺ പത്രത്തിൽ വന്ന റിപ്പോർട്ട് ആയിരുന്നു. ബ്രിജേഷ് ദുബെ എന്ന ധനകാര്യ ലേഖകൻ എഴുതിയ വാർത്തയുടെ തലക്കെട്ട് 2000 രൂപ നോട്ടുകൾ ഉടൻ എത്തുന്നു എന്നായിരുന്നു. അതിൽ 500 രൂപയുടേയും 1000 രൂപയുടേയും നോട്ടുകൾ പിൻവലിക്കും എന്നു മാത്രമല്ല ഒറ്റയടിക്കുതന്നെ ഒഴിവാക്കും എന്നും എഴുതിയിരുന്നു. ഉൾപ്പേജിൽ നാലു കോളത്തിലായിരുന്നു വാർത്ത. തന്റെ ഓഫീസിൽപ്പോലും വാർത്ത വിശ്വസിപ്പിക്കാൻ കഴിഞ്ഞില്ലെന്നാണ് ബ്രിജേഷ് അതേക്കുറിച്ചു പിന്നീടു പറഞ്ഞത്.

ഉത്തർപ്രദേശിലെ കാൻപൂരിൽ ജോലിചെയ്യുന്ന ബ്രിജേഷ് ദുബെക്ക് റിസർവ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും വാർത്ത കിട്ടാൻ ഉണ്ടായ സാഹചര്യം ആർ.ബി.ഐ യോഗം തന്നെയായിരുന്നു. റിസർവ്വ് ബാങ്കിന്റെ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ചരിത്രത്തിൽ ആദ്യമായാണ് അവിടെ നടന്നത്. അതു ചോർന്നു കിട്ടിയ ഏക പത്രക്കാരൻ ആയിരുന്നില്ല ബ്രിജേഷ്. യോഗം നടന്നതിന്റെ പിറ്റേന്ന് ഒക്ടോബർ 21-നുതന്നെ ഹിന്ദുവിന്റെ ബിസിനസ് ലൈനിൽ ആ വാർത്ത വന്നു. ആ വാർത്ത എഴുതിയ ലേഖകർ കാൻപൂർ സ്വദേശികൾ ആയിരുന്നില്ല. ഹൈദരാബാദ്, മുംബൈ എന്നിവിടങ്ങളിലെ ലേഖകർ സംയുക്തമായി എഴുതിയ ആ വാർത്തയുടേയും തലക്കെട്ടു പുതിയ 2000 നോട്ട് ഇറങ്ങുന്നതിനെക്കുറിച്ചായിരുന്നു. 500, 1000 രൂപാ നോട്ടുകൾ വിപണിയിൽനിന്നു പിൻവലിക്കും എന്നു പറഞ്ഞിരുന്നെങ്കിലും ഒറ്റയടിക്കു പിൻവലിക്കും എന്ന സൂചന ഉണ്ടായിരുന്നില്ല. (ഈ രണ്ടു വാർത്തകൾക്കു മുൻപു നോട്ട് പിൻവലിക്കലിനെക്കുറിച്ചു വന്ന വാർത്ത ഗുജറാത്തി ദിനപ്പത്രത്തിൽ ആയിരുന്നു: ഏപ്രിൽ ഒന്നിന്. 500, 1000 നോട്ടുകൾ ഇനിയില്ല എന്നായിരുന്നു അത്. എന്നാൽ, പിറ്റേന്നുതന്നെ പത്രത്തിൽ അതിനു തിരുത്തുണ്ടായിരുന്നു. ഏപ്രിൽ ഫൂളിന് ഗുജറാത്തിലെ പ്രാദേശിക പത്രങ്ങൾ


കൗശിക് ബസു


അമിത് ഷാ


ഉർജിത് പട്ടേൽ


രഘുറാം രാജൻ


അരവിന്ദ് സുബ്രഹ്മണ്യം


മോഹൻ ഭഗവത്

സ്പൂഫ് വാർത്തകൾ നൽകുന്നതു പതിവാണ്. പിറ്റേന്നു തിരുത്തുകയും ചെയ്യും. അത്തരത്തിൽ നൽകിയ വാർത്ത മാത്രമാണെന്നാണ് പത്രം വിശദീകരിച്ചത്. അതു സത്യമാകുന്ന ആദ്യ സന്ദർഭമാണ് ഇത്തവണ ഉണ്ടായതെന്നും എഡിറ്റർ വിശദീകരിച്ചു).

## ആർ.ബി.ഐയും ആർ.എസ്.എസും

ആർ.ബി.ഐ ഡയറക്ടർ ബോർഡ് തീരുമാനിച്ചത് അനുസരിച്ചു കറൻസികൾ പിൻവലിക്കുന്നു എന്നാണ് നവംബർ എട്ടിന് ഇറങ്ങിയ സർക്കാർ ഉത്തരവിൽ പറഞ്ഞത്. പക്ഷേ, ആ വാർത്ത പുറത്തുവന്നപ്പോഴും കാൻപൂരിൽ ചേർന്ന യോഗത്തിൽ ആരാണ് നിർദ്ദേശം വച്ചതെന്നും എന്തായിരുന്നു യഥാർത്ഥ ലക്ഷ്യമെന്നും സ്ഥിരീകരിക്കാൻ കഴിഞ്ഞില്ല.

പ്രധാനമന്ത്രി ജപ്പാൻ സന്ദർശനം കഴിഞ്ഞു മടങ്ങിവന്നതോടെയാണ് കാര്യങ്ങൾ കൈവിട്ടുപോകുകയാണെന്ന തോന്നൽ ഉന്നത നേതൃത്വത്തിനുണ്ടായത്. അതോടെ ശക്തമായ ഒരു പിന്തുണ വന്നു –ആർ.എസ്.എസിൽ നിന്ന്. അഖില ഭാരതീയ പ്രചാർപ്രമുഖ് ഡോ. മോഹൻ വൈദ്യയുടേതായിരുന്നു ആദ്യ പ്രസ്താവന:

"ദേശീയ താല്പര്യം മുൻനിർത്തിയുള്ളതാണ് 1000, 500 നോട്ടുകൾ പിൻവലിക്കാനുള്ള തീരുമാനം. ഇതോടെ ദേശവിരുദ്ധ പ്രവർത്തനങ്ങളും വിഭാഗീയതയും ഭീകരപ്രവർത്തനവും തടസ്സപ്പെട്ടു. കശ്മീർപോലും ശാന്തമായിരിക്കുന്നു."

മോഹൻ വൈദ്യയുടെ പ്രസ്താവനയ്ക്കു പിന്നാലെ ആർ.എസ്.എസ് നേതാക്കൾ വ്യാപകമായി പ്രധാനമന്ത്രിക്കു പിന്തുണ പ്രഖ്യാപിച്ചു. ബാങ്കുകളിൽ ക്യൂ നിൽക്കുന്നവർക്കു വെള്ളവും വൈദ്യസഹായവും നൽകാൻ തുടങ്ങി. പല നേതാക്കളും ദിവസവും പ്രസ്താവനകൾ ഇറക്കി. ഡപ്യൂട്ടി പ്രചാർപ്രമുഖ് ജെ. നന്ദകുമാർ ട്വിറ്ററിൽ കുറിച്ചു:

"നോട്ട് റദ്ദാക്കൽ തീരുമാനം പിൻവലിക്കണം എന്ന് ആവശ്യപ്പെടുന്നവർ പഴയ അവാർഡ് വാപസി സംഘമാണ്, അഫ്സൽ ഗുരുവിനെ പിന്തുണയ്ക്കുന്ന അതേ ആളുകളാണ്, ബ്രേക്ക് ഇന്ത്യാ ബ്രിഗേഡ് തന്നെയാണ്."

ആദ്യം എതിർത്ത ശിവസേനപോലും ആർ.എസ്.എസിന്റെ ശക്തമായ പിന്തുണയിൽ അമ്പരന്നു. ആർ.എസ്.എസിന്റെ ആ പിന്തുണയുടെ കാരണം ചെന്നെത്തുന്നതു രണ്ടു പ്രധാന വിവരങ്ങളിലേക്കാണ്.

1 കറൻസി നടപടിക്കുള്ള രൂപരേഖ ജൂലൈ 11 മുതൽ 15 വരെ കാൻപൂരിൽ നടന്ന ആർ.എസ്.എസ് പ്രാന്ത പ്രചാരക് യോഗത്തിൽ ചർച്ച ചെയ്തു.

2 ലക്ഷ്യം ഉത്തർപ്രദേശ് തെരഞ്ഞെടുപ്പിനു മുൻപു പണമൊഴുക്കു തടയുക മാത്രമായിരുന്നില്ല; ശത്രുപക്ഷത്തുള്ള സമുദായങ്ങളിലെ ചില അംഗങ്ങൾക്കു വിപണിയിൽ ഉള്ള മേൽക്കൈ തകർക്കുക കൂടിയായിരുന്നു.

കാൻപൂരിൽ ആർ.എസ്.എസ് യോഗം ചേർന്നതു പ്രഖ്യാപിതമായ ലക്ഷ്യത്തോടെയായിരുന്നു. ഉത്തർപ്രദേശ് തെരഞ്ഞെടുപ്പിനു മുൻപു സാമ്പത്തിക നയങ്ങൾ പുന:പരിശോധിക്കുക എന്നതായിരുന്നു നേതാക്കൾ തന്നെ വിശദീകരിച്ചിരുന്നത്. 41 പ്രാന്തപ്രചാരകരാണ് പങ്കെടുത്തത്. ആദ്യത്തെ മൂന്നുദിവസം ഉത്തർപ്രദേശ് തെരഞ്ഞെടുപ്പു കേന്ദ്രീകരിച്ചുള്ള നടപടികളും പിന്നീടുള്ള രണ്ടുദിവസം ദേശീയ നടപടികളും ചർച്ച ചെയ്തു. പക്ഷേ, എന്തായിരുന്നു ചർച്ചയെന്നു വെളിപ്പെടുത്താതെ പതിവ് ആർ.എസ്.എസ് യോഗത്തിൽ എന്നതുപോലെ നേതാക്കൾ മടങ്ങി. കേന്ദ്രസർക്കാരിനോടു രണ്ടു കാര്യത്തിൽ ആർ.എസ്.എസ് ശക്തമായി വിയോജിച്ചതായി അന്നു വാർത്തകൾ വന്നു. ഒന്നാമത്തേതു സാമ്പത്തിക രംഗത്തു വളർച്ച ഉണ്ടാകാത്തതിൽ ഉള്ള കുറ്റപ്പെടുത്തൽ. രണ്ടാമത്തേതു മാൻഡികൾ എന്നറിയപ്പെടുന്ന വലിയ മാർക്കറ്റുകളിലും ധനവിപണിയിലും നിയന്ത്രണം ഏറ്റെടുക്കാൻ സർക്കാരിനോ പിന്തുണയ്ക്കുന്നവർക്കോ കഴിയാത്ത

നോട്ടിനായി ക്യൂ നിൽക്കുന്നവർ/ ഫോട്ടോ: അശ്വിൻ പ്രശാന്ത്/ എക്സ്പ്രസ്



തിലെ നിരാശ. കറൻസി ആയുധമാക്കണം എന്ന നിർദ്ദേശം അന്നുതന്നെ പ്രധാനമന്ത്രിക്കു കൈമാറിയതായാണു സൂചന.

റിസർവ്വ് ബാങ്ക് ഗവർണർ രഘുറാം രാജൻ മാത്രമായിരുന്നില്ല നീക്കത്തെ എതിർത്തത്. മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അരവിന്ദ് സുബ്രഹ്മണ്യവും ആദ്യഘട്ടത്തിൽ പിന്തുണച്ചില്ല. പിന്നീടു തിരുമാനം നടപ്പാക്കിയപ്പോൾപ്പോലും അരവിന്ദ് സുബ്രഹ്മണ്യം വലിയ ഉൽസാഹത്തോടെയല്ല പ്രസ്താവന ഇറക്കിയത്. വ്യക്തികൾ ഒളിപ്പിച്ചുവച്ചിരിക്കുന്ന പണം സർക്കാരിന്റെ കൈകളിലേക്ക് എത്തും എന്ന ഒരു വിശദീകരണമായിരുന്നു മുഖ്യ സാമ്പത്തിക ഉപദേഷ്ടാവു നൽകിയത്. നിതി ആയോഗ് അധ്യക്ഷൻ അരവിന്ദ് പനഗരിയ മറ്റൊരു വിധത്തിലാണ് പ്രതികരിച്ചത്. നോട്ട് പിൻവലിച്ചതുമൂലം സാമ്പത്തിക വളർച്ചയിൽ ഉണ്ടാകുന്ന കുറവു മൂന്നു മാസത്തേക്കു മാത്രമായിരിക്കുമെന്നും അതുവരെ വികസനപദ്ധതികൾ തടസ്സപ്പെട്ടേക്കാമെന്നും പിന്നീടു സ്ഥിതി മാറുമെന്നുമാണ് പറഞ്ഞത്. തീരുമാനം കൊണ്ട് ഉണ്ടാകാവുന്ന യഥാർത്ഥ നേട്ടം എന്താണെന്നും എന്തിനായിരുന്നു നടപ്പാക്കിയതെന്നും ജനങ്ങൾക്കു മനസ്സിലാകുന്ന വിധത്തിൽ ആർക്കും വിശദീകരിക്കാൻ കഴിഞ്ഞില്ല.

കള്ളപ്പണവും കള്ളനോട്ടും തടയുകയാണു നടപടികൊണ്ടു ലക്ഷ്യമിട്ടതെന്ന പ്രഖ്യാപനത്തിന്റെ മുന ആദ്യഘട്ടത്തിൽത്തന്നെ ഒടിഞ്ഞിരുന്നു. കാരണം ഇന്ത്യയിലെ അനധികൃത സമ്പാദ്യത്തിൽ അഞ്ചു മുതൽ ആറു ശതമാനം വരെ മാത്രമാണ് കറൻസിയായി ഉള്ളത് എന്ന കണക്കുകൾക്കു മറുപടി നൽകാൻ നേതൃത്വത്തിനു കഴിഞ്ഞില്ല. ഒറ്റദിവസം കൊണ്ടു നിരോധിച്ചാലും മൂന്നുമാസം കൊണ്ടു നിരോധിച്ചാലും കള്ളപ്പണം കൈവശമുള്ളവർ സമാന മാർഗ്ഗങ്ങൾ ഉപയോഗിച്ച് അവ നിയമവിധേയമാക്കും എന്ന് രഘുറാം രാജൻ മാത്രമല്ല, മോദിയെ പിന്തുണയ്ക്കുന്ന സാമ്പത്തിക വിദഗ്ദ്ധ ഗീതാ ഗോപിനാഥ് വരെ പിന്നീടു പറയുകയും ചെയ്തു. ഉത്തർപ്രദേശ് തെരഞ്ഞെടുപ്പ് എന്ന താൽക്കാലിക അജൻഡയ്ക്കപ്പുറത്തു കറൻസിയുടെ രാഷ്ട്രീയം എന്താണെന്ന് അന്വേഷിച്ചു ചെല്ലുമ്പോൾ സങ്കീർണമായ ചിത്രങ്ങളാണ് തെളിഞ്ഞുവരുന്നത്.

## പണംമാറ്റത്തിലൂടെ ലക്ഷ്യമിട്ടത്

സാമ്പത്തികശാസ്ത്രം ഒരു സദാചാര വിഷയമല്ലെന്നു കൗശിക് ബസു പറയുന്നതു കള്ളപ്പണക്കാരില്ലെങ്കിൽ രാജ്യം തകരും എന്നു സ്ഥാപിക്കാനല്ല. ഇന്ത്യയുടെ അടിസ്ഥാന ധനവിനിമയ രീതി ചൂണ്ടിക്കാണിക്കുന്നതിനാണ്. 2008-ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ വരവറിയിച്ചത് ലേമാൻ ബ്രദേഴ്സ് ബാങ്കിന്റെ തകർച്ചയാണ്. അതിന്റെ കാരണം കൗശിക് ബസു വിവരിക്കുന്നതു റിയൽ എസ്റ്റേറ്റ് ഇടിവുമായി ബന്ധപ്പെട്ടാണ്. വികസിത രാജ്യങ്ങളിലെല്ലാം റിയൽ എസ്റ്റേറ്റ് വായ്പകൾ വസ്തു മൂല്യത്തിന്റെ 100 ശതമാനം വരെ നൽകുമായിരുന്നു. അമേരിക്കയിലും ലണ്ടനിലും 110 ശതമാനം വരെ നൽകിയ സന്ദർഭങ്ങളും ഉണ്ടായിരുന്നു. സാമ്പത്തിക മാന്ദ്യം വന്നതോടെ ഭൂമിവില ആദ്യം ഇടിഞ്ഞു. ഈടായി ലഭിച്ച വസ്തുവിൽനിന്നു പലിശ പോയിട്ടു മുതൽ പോലും കിട്ടാതായി. അങ്ങനെ ബാങ്കുകൾ പൂട്ടി. ഇന്ത്യയിലും റിയൽ എസ്റ്റേറ്റ് മേഖലയിൽ 2000 മുതൽ 2008 വരെ വലിയ കുതിപ്പായിരുന്നു (ഗ്രാഫിക്സ് കാണുക). അതിനുശേഷം വൻതോതിൽ ഇടിവുണ്ടായി. പക്ഷേ, ആ സമയത്ത് ബാങ്കുകളെ അതു ബാധിച്ചില്ല. ഇന്ത്യയിലെ റിയൽ എസ്റ്റേറ്റ് വില യഥാർത്ഥമായിരുന്നില്ല എന്നതായിരുന്നു കാരണം. ശരിക്കുള്ള വിലയുടെ 60 ശതമാനം വരെ മാത്രം ആധാരത്തിൽ കാണിച്ചാണ് രാജ്യത്തെ ഭൂരിപക്ഷം വസ്തു ഇടപാടുകളും നടന്നത്. അതിന്റെ 80-85 ശതമാനം വരെ മാത്രമാണ് ബാങ്കുകൾ വായ്പ നൽകിയത്. വില തകർന്നപ്പോഴും ബാങ്കുകൾക്കു ലഭിച്ച ഈടിന്റെ മൂല്യത്തിൽ കാര്യമായ കുറവുണ്ടായില്ല. അങ്ങനെ ഇന്ത്യയിലെ ബാങ്കുകൾ വലിയ തകർച്ചയിൽ പിടിച്ചുനിന്നു.

ഇതിനു രണ്ടുവശങ്ങൾ കൂടിയുണ്ട്. ആധാരത്തിൽ കാണിക്കാതെ വിതരണം ചെയ്ത ആ 40 മുതൽ 50 ശതമാനം വരെ വരുന്ന തുകയാണ് ഇന്ത്യയുടെ ഗ്രാമീണമേഖലകളിൽ കൂലിയായും ശമ്പളമായും വിതരണം ചെയ്യപ്പെട്ടത്. കണക്കിൽ കാണിക്കാതെ അങ്ങനെ നൽകുന്ന പണമാണ് ഗ്രാമീണ ഇന്ത്യയ്ക്ക് എല്ലാക്കാലത്തും ഭക്ഷണമായി മാറുന്നത്. കാർഷിക മേഖലയിലും മറ്റു തൊഴിൽ മേഖലകളിലും ഇതുതന്നെയാണു സ്ഥിതി. രണ്ടാമത്തെ വശം 2010-നു ശേഷം സംഭവിച്ചതാണ്. ബാങ്കുകളുടെ കിട്ടാക്കടം വൻതോതിൽ വർദ്ധിച്ചു; അമേരിക്കയിലേയും യു.കെയിലേയും ബാങ്കുകൾക്കു സംഭവിച്ചതുപോലെ തന്നെ. അതിൽ ഏറെയും കോർപ്പറേറ്റ് വായ്പകളായിരുന്നു. കൂടുതൽ വായ്പ ലഭിക്കുന്നതിനായി കോർപ്പറേറ്റ് സ്ഥാപനങ്ങൾ ആസ്തിയുടെ

**റിയൽ എസ്റ്റേറ്റ് വളർച്ചയും തകർച്ചയും**




കടപ്പാട്: ക്രിസിൽ

ഇരട്ടിവരെ ആധാരത്തിൽ കാണിച്ചു റജിസ്റ്റർ ചെയ്യുതായിരുന്നു കാരണം. ബാങ്കുകൾ 85 ശതമാനത്തിനു മുകളിൽ വരെ അവയ്ക്കു വായ്പ നൽകി. ആഗോള പ്രതിസന്ധി നീങ്ങാത്തതിനാൽ മേഖലയിൽ വളർച്ച ഉണ്ടായില്ല. ഇതോടെ ആസ്തിക്കു വിലയില്ലാതായി ബാങ്കുകൾ നഷ്ടത്തിലായി. കള്ളപ്പണവും കുഴൽപ്പണവും എതിർക്കപ്പെടേണ്ടതാണെന്നു പറയുമ്പോൾത്തന്നെ ഇന്ത്യപോലൊരു സാമ്പത്തിക ക്രമത്തിൽ അതു ചെലുത്തുന്ന സ്വാധീനം അവഗണിക്കാൻ കഴിയില്ലെന്നാണ് കൗശിക് ബസു പുസ്തകത്തിൽ വിവരിച്ചത്. അതുതന്നെയാണ് ഇപ്പോഴത്തെ പ്രതിസന്ധിയിലും തെളിഞ്ഞുവരുന്നത്.

പണത്തെ സദാചാരവൽക്കരിക്കാൻ ആർ.എസ്.എസ് നിർദ്ദേശം മുന്നോട്ടുവയ്ക്കുമ്പോൾ റിയൽ എസ്റ്റേറ്റ് മേഖലയിലും മാൻഡികളിലും മേൽക്കൈ ഉണ്ടായിരുന്ന സമുദായങ്ങളെകൂടി ലക്ഷ്യമിട്ടിരുന്നുവെന്നുവേണം അനുമാനിക്കാൻ. ഇന്ത്യയുടെ വിപണിതന്നെ നിയന്ത്രിക്കുന്ന മഹാരാഷ്ട്രയിലേയും ഡൽഹിയിലേയും കൊൽക്കൊത്തയിലേയും വിപണികളിൽ മറിയുന്ന പണമായിരുന്നു ഉന്നം. അതിനു ബാങ്ക് വഴി മാത്രം ഇടപാട് എന്ന സംവിധാനമേർപ്പെടുത്തിയാൽ എത്രമാത്രം ഗുണം ലഭിക്കും എന്നു പരിശോധിക്കുമ്പോൾ ആശാവഹമായ കണക്കുകളല്ല ലഭിക്കുന്നത്.

കേന്ദ്രസർക്കാരിന്റെ ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റിന്റെ 2014-ലെ റിപ്പോർട്ട് നോക്കുക. രാജ്യത്തു സംശയകരമായി നടന്ന സാമ്പത്തിക ഇടപാടുകളിൽ 1,07,125 എണ്ണം ബാങ്കു വഴി നടന്നതാണ്. മറ്റു ധനകാര്യ സ്ഥാപനങ്ങൾ വഴി 45,548. ബാങ്കുകൾക്കു പുറത്തു നടന്നതു 10,235. കള്ളപ്പണം കയ്യിലുള്ളവരും കൈകാര്യം ചെയ്യുന്നവരും അതിന് ഉപയോഗിക്കുന്നതു ബാങ്കുകളെത്തന്നെയാണെന്നതിന്റെ സൂചനയാണിത്. ഇനി മറ്റൊരു കണക്ക്:

## കറൻസി ഉപയോഗം രാജ്യങ്ങളിൽ

| | |
|---|---|
| ഇന്ത്യ | 12.5% |
| അമേരിക്ക | 6.5% |
| മെക്സിക്കോ | 5.3% |
| ദ. കൊറിയ | 4.8% |
| ബ്രിട്ടൻ | 4% |
| ബ്രസീൽ | 3.93% |

(ലോകത്ത് വിവിധ രാജ്യങ്ങളിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ - ജി.ഡി.പിയിൽ - കറൻസികളുടെ പങ്ക്)

(കണക്കുകൾ ലോകബാങ്ക്)

ഇന്ത്യയിൽ കറൻസി മറ്റു രാജ്യങ്ങളിലേതുപോലെ ഒരു വിപണന ഉപാധി മാത്രമല്ല, വളർച്ചയിലെ അവിഭാജ്യഘടകം തന്നെയാണ് എന്നു തെളിയിക്കുന്നതാണ് ഈ കണക്കുകൾ. അമേരിക്കയിലോ ബ്രസീലിലോ കറൻസി പിൻവലിക്കുകയോ മാറുകയോ ചെയ്യുന്നതിനേക്കാൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് കറൻസി അധിഷ്ഠിത വിപണിയായ ഇന്ത്യയിൽ ഉണ്ടാക്കുക. വിപണിയിലുള്ള കറൻസിയുടെ മൂല്യത്തെക്കുറിച്ചുള്ള കണക്കുകൾ മാത്രമാണ് ഇതുവരെ ചർച്ച ചെയ്യപ്പെട്ടത്. എന്നാൽ, നോട്ടുകളുടെ എണ്ണത്തിന്റെ കണക്കെടുത്താൽ കുറച്ചുകൂടി ഗുരുതരമായ സ്ഥിതി വ്യക്തമാകും.

## പ്രചാരത്തിലുള്ള നോട്ടുകൾ

(വിവിധ രാജ്യങ്ങളിൽ പ്രചാരത്തിലുള്ള നോട്ടുകളുടെ എണ്ണം)

| | |
|---|---|
| ഇന്ത്യ | 7650 കോടി |
| അമേരിക്ക | 3450 കോടി |
| യൂറോസോൺ | 1580 കോടി |
| ബ്രിട്ടൻ | 300 കോടി |
| കാനഡ | 200 കോടി |
| ഓസ്ട്രേലിയ | 120 കോടി |

(കണക്കുകൾ ലോകബാങ്ക്)

ഇന്ത്യയിൽ മാത്രം ഇത്രയേറെ നോട്ടുകൾ പ്രചരിക്കുന്നതാണു കുഴപ്പത്തിനു കാരണമെന്നും അതുകൊണ്ട് അവ പിൻവലിക്കുകയല്ലേ വേണ്ടതെന്നുമുള്ള ചോദ്യത്തിനു പെട്ടെന്ന് ഉത്തരം പറയാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ തീരുമാനം എടുത്ത റിസർവ്വ് ബാങ്ക് യോഗത്തിൽ പങ്കെടുത്ത ഫിനാൻഷ്യൽ സർവീസസ് സെക്രട്ടറി അഞ്ജലി ചിബ് ദുഗ്ഗാൾ എന്തുകൊണ്ടാണ് ആശങ്ക പ്രകടിപ്പിച്ചത് എന്ന ചോദ്യത്തിന് ഒരുത്തരമുണ്ട്:

## ഇന്ത്യയിലെ ഇടപാടുകൾ

(ഇന്ത്യയിൽ നടക്കുന്ന സാമ്പത്തിക ഇടപാടുകളുടെ രീതി)

| | |
|---|---|
| കറൻസി | 86.6% |
| ഇലക്ട്രോണിക് | 6.8% |
| കാർഡ് | 4.1% |
| ചെക്ക്, ഡിഡി | 2.5% |

(കണക്ക് ഫിനാൻഷ്യൽ സർവീസസ് ഡിപ്പാർട്ട്മെന്റ് 2015 - 16)

നോട്ടുകൾ ഉപയോഗിച്ചു മാത്രം ഇടപാടുകൾ നടക്കുന്ന രാജ്യത്ത് അതിന്റെ 86 ശതമാനമാണ് അർദ്ധരാത്രിയിൽ റദ്ദാക്കപ്പെട്ടത്. കാൻപൂരിലെ രണ്ടു യോഗങ്ങളിലൂടെ കീറിയെടുത്ത കറൻസിയെക്കുറിച്ച് നവംബർ 10ന് കൗശിക് ബസു ട്വിറ്ററിൽ കുറിച്ചു:

'Sanskritization of corruption': when corruption is not only tolerated but becomes a status symbol-people strive towards it to gain respect.

“അഴിമതിയുടെ സംസ്കൃതവൽക്കരണം. അപ്പോൾ അഴിമതിയെ സഹിക്കുക മാത്രമല്ല, അത് അന്തസ്സിന്റെ അടയാളമായി മാറുന്നതുകൊണ്ടു ബഹുമാനം കിട്ടുന്നതിനായി ജനം അതിനുവേണ്ടി യത്നിക്കുകയും ചെയ്യും.” ഇത്രയും പറഞ്ഞു കൗശിക് ബസു അവസാനിപ്പിച്ചില്ല. തൊട്ടുപിന്നാലെ ഒരു വരികൂടി:

Words that come most readily to mind in these hopeless times are Dylan Thomas':'And caught between two nights, blindness and death.'

“ഈ കെട്ടകാലത്തു മനസ്സിലേക്കു വരുന്നത് ഡിലൻ തോമസിന്റെ വരികളാണ്: രണ്ടു രാത്രികൾക്കിടയിൽ പെട്ടുപോയി; മരണത്തിനും അന്ധതയ്ക്കും ഇടയിൽ.”

എഴുതിയത് ഇപ്പോഴും ലോകബാങ്കിന്റെ ചീഫ് ഇക്കണോമിസ്റ്റായ, നവസാമ്പത്തിക ക്രമത്തിൽത്തന്നെ വിശ്വസിക്കുന്ന, ഉദാരവൽക്കരണ നയങ്ങൾക്കു മൻമോഹൻ സിങ്ങിന് ഉപദേശം നൽകിയിരുന്ന അതേ കൗശിക് ബസു തന്നെയാണ്. ●